TB Movie Panel Review

സല്ലാപം

താരതമ്യേന പുതുമുഖങ്ങളുമായി 1996 മാർച്ചു മാസത്തിൽ കേരളത്തിൽ തിയേറ്ററിൽ എത്തിയ ഒരു കൊച്ചു ചിത്രം. സംവിധാനം പുതുമുഖം സുന്ദർദാസ്. നായകനും നായികയും അത്ര പരിചിതർ അല്ലാത്തവർ. കണ്ടു പരിചയ മുഖങ്ങൾ മനോജ് കെ ജയൻ, ബിന്ദു പണിക്കർ, എൻ എഫ് വർഗീസ്, ഒടുവിൽ ഉണ്ണികൃഷ്ണൻ തുടങ്ങി വിരലിൽ എണ്ണാവുന്നവർ മാത്രം.( പിൻനിരയിൽ എഴുത്തും തിരക്കഥയുമായി ലോഹിതദാസ്, ഗാനങ്ങൾ കൈതപ്രം - ജോൺസൻ, ക്യാമറ രാമചന്ദ്രബാബു എന്നത് മറക്കുന്നില്ല ) ആദ്യദിനങ്ങളിൽ ചിത്രം തിയേറ്റർകളിൽ ചലനം ഉണ്ടാക്കിയില്ല പല ഒന്നാം ക്ലാസ്സ് തിയേറ്ററിൽ നിന്നും പടം ബി ക്ലാസ്സിലേക്കും സി ക്ലാസ്സിലേക്കും മാറ്റപ്പെട്ടു. പിന്നെ പറഞ്ഞും കെട്ടും തീയേറ്ററിലേക്കു ജനം ഇരച്ചു കയറി. മുൻനിര തിയേറ്ററിലേക്ക് ചിത്രം തിരിച്ചുവിളിക്കപ്പെട്ടു. സി ക്ലാസ്സ് തിയേറ്ററിൽ പോലും 50 ഉം 100ഉം ദിവസങ്ങൾ പ്രദർശിക്കപ്പെട്ടു. തൊട്ടടുത്ത മാസം പുറത്തുവന്ന സൂപ്പർസ്റ്റാർ മെഗാസ്റ്റാർ മെഗാബഡ്ജറ്റ് ചിത്രങ്ങളായ കാലാപാനി, ഹിറ്റ്‌ലർ മുതലായ ചിത്രങ്ങൾക്ക് ബോക്സ് ഓഫീസിൽ ഈ കുഞ്ഞു ചിത്രത്തോട് മത്സരിക്കേണ്ടിവന്നു എന്നത് അതിശയോക്തിയല്ല.

അതിമനോഹരമായ ഗാനങ്ങൾ ഈ കുഞ്ഞു ചിത്രത്തിന്റെ വിജയത്തിൽ നല്ല പങ്ക് വഹിച്ചു കൈതപ്രം -ജോൺസൻ, ഒപ്പം യേശുദാസ്, ചിത്ര.എല്ലാ ഗാനങ്ങളും സൂപ്പർ ഡ്യൂപ്പർ ഹിറ്റ് ആയി.
അഭിനേതാക്കൾ ഒട്ടുമിക്കതും പുതുമുഖങ്ങൾ (കഴിവ് തെളിയിച്ചവർ ) നായകൻ ദിലീപ് മുൻ മിമിക്രി താരം, മിമിക്രിയൊക്കെ വിട്ട് സംവിധായകൻ കമലിന്റെ അസിസ്റ്റന്റ് ആയും അല്ലറ ചില്ലറ മുഖം കാണിക്കലുമായുമൊക്കെ, (മുകേഷ് ചിത്രം എന്നോടിഷ്ടം കൂടാമോയിൽ നായികയെ കമന്റ് അടിക്കുന്ന കോളേജ് കുമാരനായിട്ടൊക്കെ ഈ മെലിഞ്ഞ ചെറുപ്പക്കാരനെ കണ്ടിട്ടുണ്ട് ).ഏഴരക്കൂട്ടം എന്ന സിനിമയിൽ അര എന്ന കഥാപാത്രത്തിന്റെ അഭിനയമികവ് സല്ലാപത്തിലേക്കു എത്തിച്ചു എന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്.

നായിക. മഞ്ജു വാരിയർ സ്കൂൾ കലോത്സവങ്ങളിലെ പ്രതിഭ (പ്രധാന റോളിൽ ഉള്ള ആദ്യ ചിത്രമായിരുന്നു സല്ലാപം. വരാനിരിക്കുന്ന ലേഡി സൂപ്പർസ്റ്റാർ പദവിയിലേക്കുള്ള ആദ്യ ചവിട്ടുപടി. )

ഗ്രാമത്തിലെ ക്ഷേത്രത്തിൽ നാട്ടിലെ ക്ലബ്ബിന്റെ ഗാനമേളക്ക് പാടാൻ എത്തുന്ന ജൂനിയർ യേശുദാസ് ശശികുമാർ, ഗാനമേളയിൽ പാടാൻ എത്തുന്ന ഇല്ലത്തെ പെൺകുട്ടിയെ തള്ളി തോഴിയായ വാല്യക്കാരിയെ പാടാൻ കൂട്ടുന്നതും. ജൂനിയർ യേശുദാസ് എന്ന ജാഡക്കാരന്റെ ശശിധരൻ എന്ന സ്വത്വം വെളിവാക്കപ്പെടുന്നതും ചേർന്നുള്ള സംഭവഗതികളുമായി ചിത്രം മുന്നോട്ടുപോകുന്നു. ഒടുവിൽ ജീവിതത്തിനും മരണത്തിനുമിടയിലെ രക്ഷകന്റെ ബലിഷ്ഠമായ മാറിൽ അണച്ചുപിടിക്കപ്പെട്ട നായികാവസ്ഥയിൽ ചിത്രം അവസാനിക്കുന്നു.

ദിലീപിനും മഞ്ജുവാരിയർക്കും ഒപ്പമോ അതിനു മേലെയോ ചിലപ്രകടനങ്ങൾ എടുത്തു പറയേണ്ടതുണ്ട്.
കോഴിക്കോട് ശാരദ :പരിഭവങ്ങളും, ഇല്ലായ്മകളും, വല്ലായ്മകളും ഒക്കെയായി ഒരു കീഴാള അമ്മ വേഷം ലോഹിതദാസിന്റെ ഭാവനയ്ക്കൊപ്പം എത്ര തന്മയത്വത്തോടെ

കലാഭവൻ മണി : അതൊരു വരവറിയിപ്പായിരുന്നു, വെറുതേ ഒരു ചെത്തുകാരന്റെ വേഷം - മണിയല്ലാതെ വേറെ ആരായിരുന്നാലും അത്രയേ ഉള്ളൂ

മനോജ് കെ ജയൻ : നായകൻ ദിലീപ് ആണോ മനോജ് ആണോ എന്ന് തർക്കമുള്ളവർ ഉണ്ടാവാം. അത്രയ്ക്ക് ഉജ്ജ്വല പ്രകടനം തന്നെ.

ഒരു കൊമേർഷ്യൽ ചിത്രത്തിന് ഉള്ളിലെ പരിമിതികൾക്കുമേലെ ചില സാമൂഹിക രാഷ്ട്രീയ ചിഹ്നങ്ങൾ എടുത്തു കാട്ടാൻ ലോഹി ശ്രമിക്കുന്നുണ്ട്, പക്ഷെ നമ്മുടെ അക്കാഡമിക് നിരൂപകരോ ചിത്രമെഴുത്തുകാരോ തിരിഞ്ഞു നോക്കിയില്ല എന്നത് സങ്കടകരമാണ് ( അവർ പടിഞ്ഞാർട്ടോ ലാറ്റിൻ അമേരിക്കയിലോ ഇറാനിലോട്ടു നോക്കിയിരുപ്പാണല്ലോ ). ഇവിടെ ഈ നാട്ടിൽ സാധാരണ പ്രേക്ഷകന് കാണാൻ കിട്ടുന്ന സിനിമ വച്ച് ഒരു രാഷ്ട്രീയ സംവാദം ഉയർത്തി ഉയർന്ന പ്രേക്ഷകാഭിരുചി വളർത്തേണ്ടേ.
സല്ലാപം നോക്കൂ നായകൻ സംഗീതത്തിൽ ഉയർന്ന വിദ്യാഭ്യാസവും അഭിരുചിയും ഉള്ളവൻ, ഗുരുവിന്റെ ഇഷ്ടവിദ്യാർഥി. പക്ഷെ അയാൾക്ക് ഉയരങ്ങളിലേക്ക് പോകാൻ പറ്റുന്നില്ല. മെറിറ്റ് ഇല്ലാത്തതല്ല സാമൂഹികമായ അയാളുടെ പിന്നോക്കാവസ്ഥ. സവർണ്ണ അധികാരം വച്ചുനീട്ടുന്ന ജന്മനാ ലഭ്യമായ മൂലധനം അയാളിൽ ഇല്ല. ഗാനമേള യിൽ പാടാൻ ശശിധരൻ എന്ന അയാളുടെ നാമം പോലും പിന്നോട്ട് വലിക്കുന്ന കെട്ടുപാടാണ്. അയാളുടെ പാട്ടിൽ അനുരക്തയായി വീടുപേക്ഷിച്ചു ചെല്ലുന്ന നായിക, അവൾക്കൊന്നും വേണ്ട അയാളുടെ പട്ടിണിയും പ്രാരാബ്ധവും നിറഞ്ഞ വീട്ടിൽ എവിടെയെങ്കിലും ഒരു പായ വിരിക്കാൻ ഇടം, ഒരു സുരക്ഷിതത്വം. പണിതീരാത്ത അടച്ചുറപ്പില്ലാത്ത വീടും കുടുംബ പ്രാരാബ്ധവും പറഞ്ഞ് സ്നേഹിച്ച പെണ്ണിന്റെ മുന്നിൽ പൊട്ടിക്കരഞ്ഞു നിൽക്കുന്ന എത്ര നായകന്മാരുണ്ട് സിനിമയിൽ. അയാളുടെ സാമൂഹികാവസ്ഥ തന്നെയാണ് അയാളെ ഈ നിലയിൽ എത്തിച്ചത്. ഭൂഅധികാരമോ മൂലധനശക്തിയോ ഇല്ലാത്ത ഒരു ജനത്തിന്റെ നേർചിത്രം. അവർക്കു പ്രണയം സംഗീതം ഒക്കെ അപ്രാപ്യം. ഇത്രയൊക്കെ നേരെഴുത്തുകൾ ഒരു ആദ്യ ചിത്രത്തിൽ കാണിച്ചിട്ടും സിനിമയുടെ ഉപരിപ്ലവകാഴ്ചകൾക്കപ്പുറം പരാമർശം നേടിയ ചിത്രമായിരുന്നില്ല സല്ലാപം.
തീർച്ചയായും ഉൾച്ചേർന്ന സാമൂഹിക പരിസരങ്ങളെ ചേർത്തു ഉത്തരവാദിത്ത സംവാദം വേണ്ടിയിരുന്ന ചിത്രമായിരുന്നു സല്ലാപം ഇനിയും വൈകിയിട്ടില്ല.

Written By:

**Sasi Dharan**